>> ലേഖനം

● എം. സാജിദ്

കടലിന്റെ മക്കളെ കുടിയിറക്കി വിനാശത്തിന്റെ വികസനവിത്ത് പാകാനാണ് പടപ്പുറപ്പാട്. കള്ളന് കഞ്ഞിവെച്ചുകൊടുക്കുന്ന രാഷ്ട്രീയ-ഉദ്യോഗസ്ഥ-വിദേശ കൂട്ടിക്കൊടുപ്പുകാരുടെ തണലിൽ വികസനം പൊടിപാറുമ്പോൾ അക്ഷരാർഥത്തിൽ തന്നെ നാം ചെകുത്താനും കടലിനും നടുവിൽ പെട്ടുപോകുന്നു. പോരാട്ടമേ ഇനി മാർഗമായുള്ളൂ.

# ഒടുവിൽ തീരവും വിൽപ്പനക്ക്

**ശാസ്ത്ര** സാങ്കേതികവിദ്യകളുടെ അഭൂതപൂർവമായ വളർച്ചയും ആഗോളീകൃത കാലത്തെ ഉദാരസാമ്പത്തിക നയങ്ങളും വികസനത്തെ ഒരു പുതിയ പരിപ്രേക്ഷ്യത്തിലേക്കാണ് നയിച്ചിരിക്കുന്നത്. പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യപ്പെടുകയും പാർശ്വവൽകൃത വിഭാഗങ്ങൾ ജീവിതത്തിൽനിന്ന് പിഴുതുമാറ്റപ്പെടുകയും ചെയ്യുന്നത് വികസനത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ഏവർക്കും അവകാശപ്പെട്ട വിഭവങ്ങളുടെയും ആരെപ്പോലെയും അവകാശങ്ങളുള്ള സാധാരണക്കാരുടെയും അസ്തിത്വത്തെക്കുറിച്ച കാഴ്ചപ്പാടിലെ മൗലികമാറ്റമാണ് ഇതിന്റെ ഒരു കാരണം.

ഇന്ത്യയിലെ ജനസാന്ദ്രതയേറിയതും ഉപഭോഗ കേന്ദ്രീകൃതവും മനുഷ്യശേഷി സാമ്പത്തിക വ്യവസ്ഥയിലൂന്നിയതുമായ സംസ്ഥാനമെന്ന നിലക്ക് കേരളത്തിൽ ഈ പുതിയ വികസനം വലിയ ചോദ്യങ്ങളാണ് ഉയർത്തിക്കൊണ്ടിരിക്കുന്നത്. പുതിയ പുതിയ വികസന പദ്ധതികൾ തിങ്ങിഞെരുങ്ങിയ ജനവാസകേന്ദ്രങ്ങൾക്ക് മധ്യേ ആസൂത്രണം ചെയ്യുമ്പോൾ പറിച്ചുമാറ്റലിന്റെ പ്രതിസന്ധികൾ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. മൂലമ്പിള്ളി, വെളിച്ചിക്കാല, മൂരിയാട്, പ്ലാച്ചിമട, അതിരപ്പള്ളി, കുളത്തുപ്പുഴ, പാത്രക്കടവ്, നെടുമ്പാശ്ശേരി തുടങ്ങി ഒട്ടനവധി ചെറുഗ്രാമങ്ങൾ നമ്മുടെ നിത്യവിശേഷങ്ങളിലെ തലക്കെട്ടുകളാവുന്നത് അങ്ങനെയാണ്.

വികസനംകൊണ്ട് പൊറുതിമുട്ടിക്കൊണ്ടിരിക്കുന്ന മറ്റൊരു വിഭാഗമാണ് തീരദേശവാസികൾ. കേരളത്തിന്റെ ഒമ്പതു ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 590 കിലോമീറ്റർ നീളമുള്ള തീരദേശത്താണ് സംസ്ഥാന ജനസംഖ്യയുടെ മൂന്നു ശതമാനത്തോളം അധിവസിക്കുന്നത്. ഇന്ത്യയിലെ ഒമ്പതു സംസ്ഥാനങ്ങളിലെ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന 10 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളിൽ രണ്ടര ലക്ഷവും കേരളീയരാണ്. സംസ്ഥാനത്തെ ഏകദേശം ആറു ലക്ഷം ജനങ്ങളാണ് പ്രത്യക്ഷമായോ പരോക്ഷമായോ ഈ മേഖലയെ ആശ്രയിച്ചു കഴിയുന്നത്. ഒരു ചതുരശ്ര കിലോമീറ്റർ കടൽതീരത്ത് മൂന്നു മത്സ്യത്തൊഴിലാളികൾ എന്നതാണ് ദേശീയ ശരാശരിയെങ്കിൽ കേരളതീരത്ത് ഇത് 12 പേരായി വർധിക്കുന്നുണ്ട്. രാജ്യത്തിന്റെ മത്സ്യസമ്പത്തിലെ 20 ശതമാനം കേരളതീരങ്ങളുടെ സംഭാവനയാണ്. സംസ്ഥാനത്തെ കയറ്റുമതിയുടെ 24 ശതമാനവും മത്സ്യ അനുബന്ധ മേഖലയിൽനിന്നാണ്. 28,000 നാടൻ വള്ളങ്ങളും 27,000 യന്ത്രവൽകൃത ബോട്ടുകളും 5000 ട്രോളറുകളും ഇതിനായി ഉപയോഗിക്കുന്നു.

കേരളതീരത്തെ വിദേശട്രോളറുകളും നിയന്ത്രണങ്ങളില്ലാത്ത യന്ത്രവൽകൃത മത്സ്യബന്ധനവും സമുദ്രാന്തർഭാഗത്തെ ആവാസ വ്യവസ്ഥയെ തകിടം മറിക്കുന്നതായി സംസ്ഥാനത്തു നടന്ന പഠനങ്ങൾ തെളിയിക്കുന്നു. സമുദ്രാന്തർഭാഗത്തെ കലക്കം നാലിരട്ടിയായി വർധിക്കാനും ജലത്തിലെ ഓക്സിജനും ജൈവപദാർഥങ്ങളും പകുതിയായി കുറയാനും ഇത് കാരണമാകുന്നു. മൺസൂൺ കാലത്തെ താൽക്കാലിക ട്രോളിംഗ് നിരോധം ഈ കുറവുകൾ പരിഹരിക്കാൻ പര്യാപ്തമല്ല. വിദേശ ട്രോളറുകൾ വൻതോതിൽ ആധുനിക സംവിധാനം ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കൂരകളിൽ ദാരിദ്ര്യം പുകയുന്നതിന് കാരണമാകുന്നു.

ഇന്ത്യ-തായ്‌വാൻ സ്വതന്ത്ര വ്യാപാര കരാറിനു പിറകെ യൂറോപ്യൻ യൂനിയനുമായി ഈ വർഷം ഒപ്പിട്ട കരാറനുസരിച്ച് കേരളത്തിലെ നിത്യോപയോഗ മത്സ്യങ്ങളായ മത്തി, അയല, നെത്തോലി തുടങ്ങി 22 ഇനങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ അനുവാദം നൽകിയിരുന്നു. യൂറോപ്പിൽ ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കാത്ത ഇനങ്ങളാണ് ഇന്ത്യയിലേക്ക് ഇങ്ങനെ കയറ്റിവിടാൻ ശ്രമിക്കുന്നത്. ശക്തമായ സമ്മർദ്ദങ്ങളെത്തുടർന്ന് ഇവയിൽ പലതിനും ഇറക്കുമതി നിയന്ത്രണമേർപ്പെടുത്തിയത് അൽപം ആശ്വാസം നൽകുന്നു.

കേരളതീരത്തെ ധാതുസമ്പുഷ്ടമായ മണലിൽ കണ്ണുടക്കി നിൽക്കുന്ന ഖനനലോബി ഇടതുസർക്കാറിനെയും വിഴുങ്ങിയിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിയന്ത്രിതസ്വഭാവത്തിൽ മാത്രമാണ് ഖനനാനുമതിയുള്ളത്. എന്നാൽ ഇടതുമുന്നണി തന്നെ ഇതേ പ്രദേശങ്ങളിൽ സ്വകാര്യ-വിദേശ കമ്പനികൾക്ക് ഖനനാനുമതി നൽകാൻ ശ്രമിച്ചത് ഖനനലോബിയുടെ സമ്മർദ്ദ തന്ത്രത്തിന്റെ വിജയമായി വേണം മനസ്സിലാക്കാൻ. ഇപ്പോൾ തീരഖനനത്തിലും 100 ശതമാനം വിദേശ നിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര തീരുമാനം തീരദേശ മേഖലയെയും ജനങ്ങളുടെ നിലനിൽപ്പിനെയും അടിമേൽമറിക്കാൻ തക്കതാണ്.

ടൂറിസമാണ് തീരദേശത്തെ നശിപ്പിക്കുന്ന മറ്റൊരു അർബുദം. ധാരാളം പ

ണം ലഭിക്കുമെന്നതിനാൽ പുതുതലമുറ ടൂറിസ്റ്റുകളെ കേന്ദ്രീകരിച്ചുള്ള ബഹുമുഖ തൊഴിലുകളിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നു. പഴയകാല പഞ്ഞത്തിൽനിന്ന് അവർക്ക് രക്ഷനേടാനാവുന്നുണ്ടെങ്കിലും ടൂറിസം തീരദേശയുവത്വത്തെ നയിക്കുന്നത് സാംസ്കാരിക സദാചാരച്യുതിയിലേക്കാണ്. തീരദേശ കുടുംബങ്ങളിൽ പുതിയ പ്രതിസന്ധികളുടെ വിത്ത് വിതക്കാൻ ഈ അനിയന്ത്രിത ടൂറിസം കാരണമായിട്ടുണ്ട്.

ഉദാര വ്യാവസായിക നിലപാടുകൾ സ്വീകരിക്കുന്നതിന്റെ വില ഇന്ത്യയിലെ മറ്റു തീരപ്രദേശങ്ങളും നൽകേണ്ടിവന്നിട്ടുണ്ട്. പശ്ചിമബംഗാളിലെ ഒരു ദ്വീപിൽ നിന്ന് ജനങ്ങളെ പല കാരണങ്ങൾ പറഞ്ഞ് കുടിയൊഴിപ്പിച്ച ശേഷം സഹാറ കമ്പനിക്ക് പതിച്ചു നൽകിയിരിക്കുന്നു. ബംഗാളിലെ മറ്റൊരു തീരദേശത്താണ് ഒരു ആണവ കമ്പനിക്ക് പ്രവർത്തനാനുമതി നൽകിയിരിക്കുന്നത്. ആന്ധ്രാപ്രദേശിൽ കപ്പൽപൊളിശാലകൾ തുറന്നുകൊണ്ടിരിക്കുന്നത് തീരദേശത്താണ്. ഗുജറാത്തിൽ പ്രത്യേക സാമ്പത്തിക മേഖലകൾ തീരദേശത്തും ധാരാളമായി അനുവദിച്ചിരിക്കുന്നു. സുനാമി ദുരിതാശ്വാസത്തിന്റെ പേരിൽ പല സ്ഥലങ്ങളിലും മത്സ്യത്തൊഴിലാളികളെ തീരദേശത്തുനിന്ന് ആട്ടിയകറ്റുന്നുമുണ്ട്.

ഈ അനർഥങ്ങളുടെ പൂരണമായാണ് പുതിയൊരു തീരദേശ പരിപാലന നിയമത്തിന്റെ മണിയൊച്ചകൾ മുഴങ്ങുന്നത്. 1991-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം (CRZ-Coastal Regulation Zone Notification) പൂർണമായും പൊളിച്ചെഴുതിയാണ് പരിപാലന പദ്ധതി (CZM-Coastal Zone Management) അണിയറയിൽ ഒരുങ്ങിയിരിക്കുന്നത്. വ്യാപാരലോബികളുടെ സമ്മർദ്ദത്തിനു വഴങ്ങി തീരദേശവാസികളെ പരിവട്ടങ്ങളുടെ നടുക്കയത്തിലേക്കെറിഞ്ഞ് കടൽതീരത്തെ തീറെഴുതിക്കൊടുക്കാനാണ് ഈ നിയമത്തിൽ ശ്രമം നടക്കുന്നതെന്ന് ഇതിനോടകം നിരീക്ഷണങ്ങൾ വന്നു കഴിഞ്ഞു.

പരിസ്ഥിതിയെയും മത്സ്യത്തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കാവുന്ന പലതരം വികസന-നിർമാണ പ്രവർത്തനങ്ങൾ CRZ പരിധിക്കകത്ത് വിലക്കിയിരുന്നു. കടൽത്തീര സാന്നിധ്യം ആവശ്യമില്ലാത്ത വ്യവസായങ്ങൾ, അപകടസാധ്യതയുള്ള വസ്തുക്കളുടെ നിർമാണം, കൈകാര്യം, സംഭരണം, പുറംതള്ളൽ, മത്സ്യ സംസ്കരണ യൂണിറ്റുകൾ, ശുദ്ധീകരിക്കാത്ത അഴുക്കുജലവും മാലിന്യങ്ങളും തള്ളൽ, നഗരമാലിന്യങ്ങൾ നിക്ഷേപിക്കൽ, കായൽ നികത്തൽ, ബണ്ട് കെട്ടൽ, താപനിലയങ്ങളിൽ നിന്നുള്ള ചാരനിർമാർജനം, സമുദ്രജലത്തിന്റെ സ്വാഭാവിക ഗതിയെ തടസ്സപ്പെടുത്തൽ (മണ്ണൊലിപ്പ് തടയുന്നതിനും ജലപാതകൾ നിർമിക്കുന്നതിനും വേലിയേറ്റ നിയന്ത്രണത്തിനും ഉപ്പുവെള്ളം കടക്കാതിരിക്കാൻ തടകെട്ടുന്നതിനും ഒഴികെ), CRZ പരിധിക്ക് പുറത്ത് ലഭ്യമല്ലാത്ത അപൂർവ ധാതുക്കളൊഴികെയുള്ളവയുടെ ഖനനം, വേലിയേറ്റ രേഖയിൽനിന്ന് 200 മീറ്ററിനകത്തുള്ള ഭൂഗർഭ ജലശേഖരണം, മണൽത്തിട്ടകൾ നീക്കം ചെയ്യൽ തുടങ്ങി ധാരാളം പ്രവർത്തനങ്ങൾക്ക് CRZ വിജ്ഞാപനം നിയന്ത്രണം ഏർപ്പെടുത്തി.

തീരപ്രദേശങ്ങളെ നാലായി തരംതിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ് ഈ നിയമത്തിൽ ചെയ്യുന്നത്. CRZ I, II, III, IV എന്നിങ്ങനെയാണ് ഈ മേഖലകളെ നാമകരണം ചെയ്തിരിക്കുന്നത്. CRZ I പാരിസ്ഥിതികമായി സംവേദനക്ഷമതയുള്ള (Ecologically Sensitive) പ്രദേശങ്ങളാണ്. കടൽ ഉദ്യാനങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, കണ്ടൽ വനങ്ങൾ, സംരക്ഷിത വനങ്ങൾ, വന്യമൃഗ ആവാസ കേന്ദ്രങ്ങൾ, സാംസ്കാരിക പ്രധാന്യമുള്ള പ്രദേശങ്ങൾ, ആഗോള താപനത്താൽ സ്വാധീനിക്കപ്പെട്ടേക്കാവുന്ന പ്രദേശങ്ങൾ തുടങ്ങിയവ ഈ വിഭാഗത്തിൽ പെടുന്നു. മുനിസിപ്പാലിറ്റി/കോർപറേഷൻ പരിധികളിൽ പെടുന്നതും വികസിതവുമായ തീരപ്രദേശങ്ങളാണ് CRZ II-ൽ ഉൾപ്പെടുത്തിയത്. ഗ്രാമീണ മേഖലയിലുള്ള വികസിത/അവികസിത തീരങ്ങളും നഗരപ്രദേശങ്ങളിലെ അവികസിത തീരങ്ങളുമാണ് CRZ III-ൽ വരുന്നത്. ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, മറ്റു ദ്വീപുകൾ എന്നിവയെ CRZ IV-ലാണ് പെടുത്തിയിരിക്കുന്നത്.

വ്യത്യസ്തമായ നിയന്ത്രണങ്ങളാണ് നാല് വിഭാഗം തീരപ്രദേശങ്ങളിലും നടപ്പാക്കുക. CRZ I-ൽ കടലിൽനിന്ന് കരഭാഗത്തേക്കുള്ള 500 മീറ്ററിൽ നിർമാണ-വികസന പ്രവർത്തനങ്ങൾ അനുവദനീയമല്ല (No Development Zone). CRZ II-ൽ കരഭാഗത്തെ റോഡ്/അംഗീകൃത കെട്ടിടം എന്നിവക്ക് പുറത്തുമാത്രം നിർമാണ-വികസന പ്രവർത്തനങ്ങൾ അനുവദനീയമായിരിക്കും. കടൽ മുതൽ റോഡ്/അംഗീകൃത കെട്ടിടം വരെയുള്ള പ്രദേശം No Development Zone ആയിരിക്കും. CRZ III-ലും IV-ലും കടലിൽ നിന്ന് 200 മീറ്റർ കരഭാഗം No Development Zone ആയിരിക്കും. 200 മുതൽ 500 മീറ്റർ വരെയുള്ള പ്രദേശത്ത് നിയന്ത്രണങ്ങളോടെ മാത്രം വികസന പ്രവർത്തനങ്ങൾ അനുവദിക്കും.

1991-ൽ പാസാക്കിയെങ്കിലും മിക്ക സംസ്ഥാനങ്ങളിലും നിയമം ഏട്ടിലെ പശുവായി ഒതുങ്ങി. നിയമത്തിലെ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും പാലിക്കപ്പെടാതെ തുടർന്നു. പൊതുതാൽപര്യ ഹർജി പരിഗണിച്ച് 1993-ൽ സുപ്രീംകോടതി ഇടപെട്ടതിനെത്തുടർന്ന് നിയമം വീണ്ടും സജീവമായി. കേരളമടക്കം ചില സംസ്ഥാനങ്ങൾ നിയമം ഭാഗികമായി നടപ്പാക്കാൻ ശ്രമം നടത്തി. 2007 വരെയുള്ള കാലത്തിനിടക്ക് 19 ഭേദഗതികൾ ഈ നിയമത്തിൽ നടത്തുകയുണ്ടായി. ഭേദഗതികളേറെയും വ്യാപാരലോബികളുടെ സമ്മർദ്ദതന്ത്രത്തിന്റെ വിജയചിഹ്നങ്ങളായിരുന്നു. പുതിയ നിർമാണ പ്രവർത്തനങ്ങൾക്കുള്ള പലവിധ നിയന്ത്രണങ്ങളിലും ഭേദഗതികളിലൂടെ വെള്ളം ചേർക്കപ്പെട്ടു.

ഈ സന്ദർഭത്തിലാണ് പ്രസ്തുത നിയമത്തെ സമഗ്രമായി വിലയിരുത്താനും പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാനും വേണ്ടി ഡോ. എം.എസ് സ്വാമിനാഥന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തുന്നത്. ചെയർമാനുപുറമെ ഒമ്പത് അക്കാദമീഷ്യന്മാരും മൂന്ന് ഉദ്യോഗസ്ഥന്മാരും ചേർന്നതായിരുന്നു 2004 ജൂലൈയിൽ രൂപീകരിച്ച സമിതി. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇക്കാലയളവിൽ നിയോഗിച്ച വിവിധ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ വിശകലനം ചെയ്തും വിവിധ രാജ്യങ്ങളിലെ തീരപരിപാലന പ്രയോഗങ്ങൾ പഠിച്ചും ഒരു സമഗ്ര തീരപരിപാലന പദ്ധതിക്കുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ സമർപ്പിക്കുക, രാജ്യത്തെ വ്യത്യസ്ത തീരദേശ വിഭവങ്ങൾ തരംതിരിച്ച് അവ സംരക്ഷിക്കുന്നതിനുള്ള സുരക്ഷാ മാർഗങ്ങൾ നിർദ്ദേശിക്കുക, മുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 1991-ലെ CRZ നിയമം അവലോകനം ചെയ്യുകയും പരിസ്ഥിതി സംരക്ഷണ നിയമം കൂടി പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുക എന്നിവയായിരുന്നു കമ്മിറ്റിയുടെ ചുമതലകൾ.

2005 ഫെബ്രുവരിയിൽ കമ്മിറ്റി റി

പ്പോർട്ട് സമർപ്പിച്ചു. അതിനു തൊട്ടുമുമ്പായി സംഭവിച്ച സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതെന്ന് റിപ്പോർട്ടിന്റെ ആമുഖത്തിൽ പറയുന്നു. അവിടവിടയായ ഭേദഗതികൾകൊണ്ട് തീർക്കാവുന്നതല്ല തീരദേശമേഖല നേരിടുന്ന പ്രതിസന്ധികൾ എന്ന കാരണം പറഞ്ഞ് സമ്പൂർണമായ ഒരു അഴിച്ചുപണിക്ക് മുതിരാനാണ് കമ്മിറ്റി തുനിഞ്ഞത്. നിർദ്ദേശങ്ങൾക്ക് ഉപോൽബലകമായ ചില മൗലിക നിരീക്ഷണങ്ങൾ റിപ്പോർട്ടിൽ നടത്തിയിട്ടുണ്ട്. തീരദേശത്ത് നിയന്ത്രണം മാത്രം നടപ്പാക്കിയതുകൊണ്ട് സമഗ്രമായ ലക്ഷ്യങ്ങൾ കൈവരിക്കാനാവില്ല, അതിനാൽ കേവല നിയന്ത്രണത്തിനപ്പുറം സമഗ്രവികസനമായിരിക്കണം അടിസ്ഥാന കാഴ്ചപ്പാട് എന്നതാണ് ഇക്കൂട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിരീക്ഷണം. പഴയ നിയമം, വ്യവസായ-നിർമാണങ്ങളോടൊക്കെയും പൊലീസ് നയം സ്വീകരിക്കുകയായിരുന്നു. മലിനീകരണം ഉണ്ടാക്കാത്ത വ്യവസായങ്ങളെ തീരപ്രദേശത്ത് പ്രോൽസാഹിപ്പിക്കണം. ഖനനം ഉപാധികളോടെ അനുവദിക്കണം. റിപ്പോർട്ടിന്റെ രാഷ്ട്രീയവും ആശയ പരിസരവും ഈ നിരീക്ഷണങ്ങളിൽ നിന്ന് വെളിവാകുന്നുണ്ട്.

ഈ റിപ്പോർട്ട് സർക്കാർ തത്ത്വത്തിൽ പൂർണമായി തന്നെ സ്വീകരിക്കുകയും തദടിസ്ഥാനത്തിൽ ഒരു കരട് വിജ്ഞാപനം തയാറാക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് അത് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. പ്രധാനമന്ത്രിയുടെ അംഗീകാരത്തിന് ശേഷം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടെ-പാർലമെന്റിൽ ചർച്ച കൂടാതെ-ഇത് പ്രാബല്യത്തിൽ വരികയും ചെയ്യും. തീരദേശ പരിപാലന വിജ്ഞാപനം (Coastal Zone Managment Notification) എന്നാണ് തലക്കെട്ട്. പ്രകൃതി ദുരന്തങ്ങളുടെ സാധ്യത, പ്രാദേശിക ജനതയുടെ സുസ്ഥിര ജീവൽസന്ധാരണം, പാരിസ്ഥിതികമായും സാസ്കാരികമായും പ്രാധാന്യമുള്ള തീരദേശ വിഭവങ്ങളുടെ സംരക്ഷണം എന്നിവ പരിഗണിച്ച് ശാസ്ത്രീയ തത്ത്വങ്ങളിൽ അധിഷ്ഠിതമായ തീരദേശ പരിപാലനത്തിലൂടെ തീരത്തിന്റെയും സമുദ്രപരിസ്ഥിതിയുടെയും സംരക്ഷണവും സുസ്ഥിര വികസനവുമാണ് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. കടൽതീരത്തുനിന്ന് 12 നോട്ടിക്കൽ മൈൽ കടലിലേക്കും കരഭാഗത്തെ തദ്ദേശസ്ഥാപനത്തിന്റെ അതിർത്തി വരെയുമാണ് തീരദേശ മേഖലയായി നിർവചിച്ചിരിക്കുന്നത്. CRZലെ പോലെ CZMലും തീരദേശത്തെ നാല് വിഭാഗങ്ങളായി വർഗീകരിച്ചിട്ടുണ്ട്. പാരിസ്ഥിതികമായി സംവേദനക്ഷമതയുള്ള പ്രദേശങ്ങളാണ് CMZ I-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയുടെ വിശദാംശങ്ങൾ കേന്ദ്ര പരിസ്ഥിതി-വനം വകുപ്പും സംസ്ഥാന സർക്കാറുകളും ചേർന്ന് തയാറാക്കും. സാമ്പത്തികമായും സാംസ്കാരികമായും നയതന്ത്രപരമായും പ്രാധാന്യമുള്ളതും ജനസാന്ദ്രത കൂടിയതുമായ പ്രദേശങ്ങളാണ് CMZ II-ൽ വരുന്നത്. പ്രത്യേകം പരിഗണിക്കേണ്ട പ്രദേശങ്ങൾ (Areas of Particular Concerns) എന്ന തലക്കെട്ടിൽ ഇത്തരം 11 പ്രദേശങ്ങളെ നിർണയിച്ചിട്ടുണ്ട്. തീരദേശ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ, 400/സ്ക്വയർ കിലോമീറ്ററിൽ കൂടുതൽ ജനസാന്ദ്രതയുള്ള തീരദേശ പഞ്ചായത്തുകൾ, തുറമുഖങ്ങൾ, പ്രത്യേക ടൂറിസം മേഖലകൾ, ഖനനപ്രദേശങ്ങൾ, പ്രത്യേക വ്യവസായ മേഖലകൾ, SEZകൾ, പാരമ്പര്യ കേന്ദ്രങ്ങൾ, ഊർജോൽപാദന കേന്ദ്രങ്ങൾ എന്നിവയാണ് ഈ 11 പ്രദേശങ്ങൾ. CMZ I-ലും II -ലും IV-ലും പെടാത്ത മറ്റു പ്രദേശങ്ങളെ CMZ III-ലും ആൻഡമാൻ, ലക്ഷദ്വീപ്, മറ്റ് ദ്വീപുകളെ CMZ IV-ലുമാണ് ചേർത്തിരിക്കുന്നത്.

സുസ്ഥിര തീരദേശ പരിപാലനത്തിന് 31 അംഗ ദേശീയ ബോർഡും സംസ്ഥാനങ്ങൾക്ക് പ്രത്യേകം അതോറിറ്റിയും ഉണ്ടായിരിക്കും. ഓരോ വിഭാഗത്തിലും പെട്ട തീരങ്ങൾക്ക് ബാധകമാകേണ്ട നിരോധന രേഖ (Set Back Line) കേന്ദ്രഗവൺമെന്റിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് തയാറാക്കും. തീരപ്രദേശത്ത് കടലാക്രമണങ്ങളുടെ സാധ്യത (Vulnerability) കണക്കിലെടുത്ത് ശാസ്ത്രീയമായ മാനദണ്ഡങ്ങളോടെയായിരിക്കും ഇത് തയാറാക്കുക.

സംസ്ഥാന അതോറിറ്റി തയാറാക്കുന്ന സമഗ്ര തീരദേശ പരിപാലന ആസൂത്രണ പദ്ധതി (Integrated Coastal Zone Management Plan) അനുസരിച്ച് CMZ I ലെ എല്ലാവിധ നിർമാണ പ്രവർത്തനങ്ങളും നിയന്ത്രിക്കേണ്ടതാണ്. CMZ II-ലെ തീരപ്രദേശങ്ങളിൽ നടപ്പാക്കേണ്ട നിയന്ത്രണങ്ങൾ തെരഞ്ഞെടുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനമാണ്. ഇത് രണ്ട് രീതികൾ ആവാം. ഒരിക്കൽ ഒന്ന് തെരഞ്ഞെടുത്താൽ പിന്നീട് മാറ്റാൻ പാടുള്ളതല്ല. തീര സംരക്ഷണ നിർമിതികൾ (ഉദാ: കടൽഭിത്തി) ഇല്ലാത്ത പ്രദേശങ്ങളിൽ നിരോധനരേഖയെ (Set Back Line) മാനദണ്ഡമായി സ്വീകരിക്കുകയും എല്ലാ നിർമാണ പ്രവർത്തനങ്ങളും ഈ രേഖയുടെ കരഭാഗത്ത് മാത്രം അനുവദിക്കുകയും ചെയ്യുന്നതാണ് ഒന്നാമത്തെ രീതി. എന്നാൽ താഴെപറയുന്ന 13 ഇനം പ്രവർത്തനങ്ങൾക്ക് പ്രത്യേക ഇളവ് നൽകുകയും അവ നിരോധന രേഖക്ക് അകത്തുതന്നെ അനുവദിക്കുകയും ചെയ്തിരിക്കുന്നു. 1) തുറമുഖങ്ങൾ, ഇന്ധനം നിറക്കാനുള്ള സൗകര്യം, ചെളിനീക്കം ചെയ്യൽ. 2) മത്സ്യം കരയിലിറക്കുന്ന സ്ഥലങ്ങൾ. 3) പൊതു കക്കൂസുകൾ. 4) ദീപസ്തംഭങ്ങൾ. 5) കടപ്പുറം വിനോദസഞ്ചാരവും ജലകായിക വിനോദ സൗകര്യങ്ങളും. 6) ഉപ്പുറ്റികൾ. 7) കടപ്പുറം മണൽ, പാറകൾ, ചരലുകൾ, കക്ക എന്നിവയൊഴികെയുള്ള ലോഹ ഖനനം. 8) കപ്പൽ നിർമാണ-റിപ്പയർ സൗകര്യങ്ങൾ. 9) തീരദേശ സംരക്ഷണ നിർമിതികൾ. 10) കടൽ കൽക്കരിയുടെ പര്യവേഷണവും ഉൽപാദനവും. 11) പ്രതിരോധ സ്ഥാപനങ്ങൾ. 12) ശുദ്ധീകരിക്കപ്പെട്ട നിർഗമനവും ഓടയിലെ അഴുക്കുജലവും പുറംതള്ളാനുള്ള കുഴൽ നിരകൾ. 13) മേൽ പറഞ്ഞവയുടെ നിർവഹണത്തിനുള്ള അപ്രോച്ച് റോഡുകൾ, റെയിൽവെ ലൈനുകൾ, കുഴൽ നിരകൾ, ഊർജ ഉൽപാദന വിതരണങ്ങൾ എന്നിവ.

രണ്ടാമത്തെ രീതിയിൽ, നിരോധന രേഖക്ക് സമാനമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തീര സംരക്ഷണ നിർമിതികൾ (ഉദാ: കടൽഭിത്തി) ഉണ്ടാക്കാവുന്നതാണ്. കടൽഭിത്തിപോലുള്ള ഇത്തരം നിർമിതികൾക്ക് പുറത്തുമാത്രമെ പൊതുവിൽ നിർമാണ പ്രവർത്തനങ്ങൾ ആകാവൂ. എന്നാൽ പ്രത്യേകം ഒഴിവാക്കിയ 13 ഇനങ്ങൾ ഇത്തരം ഭിത്തികൾക്ക് ഉൾഭാഗത്തും നടത്താവുന്നതാണ്. CMZ III-യിൽ 13 ഇനങ്ങൾ ഒഴികെയുള്ള മറ്റു നിർമാണങ്ങളെല്ലാം നിരോധനരേഖയുടെ കരഭാഗത്ത് മാത്രമെ അനുവദിക്കൂ. CMZ IV-ൽ, ഒന്നാം വിഭാഗത്തിലേതുപോലെ ICMZP തയ്യാറാക്കിയ ശേഷം അതിനനുസൃതമായ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തും.

CZM വിജ്ഞാപനം പരസ്യപ്പെടുത്തിയതോടെ തന്നെ രാജ്യവ്യാപകമായി മത്സ്യത്തൊഴിലാളി സംഘടനകളും സാമൂഹികപ്രവർത്തകരും ഇതിനെക്കുറിച്ച ആശങ്ക പ്രകടിപ്പിച്ചുതുടങ്ങിയിട്ടുണ്ട്.

പലയിടങ്ങളിലും ശക്തമായ സമരങ്ങൾ ആരംഭിച്ചിരിക്കുന്നു. സ്വാമിനാഥൻ കമ്മിറ്റിയുടെ ഘടനതൊട്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാന ധാരണകളും നിർദേശങ്ങളും സർക്കാർ വിജ്ഞാപനത്തിലെ സൂക്ഷ്മവശങ്ങൾവരെയും ഇത്തരത്തിൽ വിചാരണക്ക് വിധേയപ്പെടുന്നുണ്ട്. പാർലമെന്റിലോ ജനങ്ങളുമായോ ചർച്ച ചെയ്യാതെ ഒരു വിജ്ഞാപനത്തിലൂടെ ദൂരവ്യാപക പ്രത്യാഘാതങ്ങൾക്ക് സാധ്യതയുള്ള ഒരു നിയമം പടച്ചെടുക്കുന്നതിലെ സർക്കാറിന്റെ ഉദ്ദേശ്യശുദ്ധിയാണ് ഒന്നാമതായി ചോദ്യം ചെയ്യപ്പെടുന്നത്. നേരത്തെ സൂചിപ്പിച്ച, കമ്മിറ്റിയുടെ അടിസ്ഥാന നിരീക്ഷണങ്ങൾ പ്രയോഗവൽക്കരിക്കപ്പെട്ടാൽ (അതിനു തന്നെയാണ് സാധ്യത) തീരത്തെ ജീവിതവും സംസ്കാരവും തീർത്തും മറ്റൊരു ധ്രുവത്തിലെത്തുമെന്നത് നിസ്തർക്കമാണ്. എന്നിരിക്കെ, ജനപ്രതിനിധികളുടെ മുമ്പിൽ സമർപ്പിക്കാതെ ഒരു പിൻവാതിൽ പാചകം നടത്താനുള്ള നീക്കം സംശയാസ്പദമാണ്.

കമ്മിറ്റിയുടെ ഘടനയും നേതൃത്വവും ഈ സംശയങ്ങളെ അരക്കിട്ടുറപ്പിക്കുന്നു. കൃഷി ശാസ്ത്രജ്ഞനെന്ന നിലയാണ് ഡോ. സ്വാമിനാഥൻ പ്രശസ്തൻ (ആരോപണ വിധേയനും) ആവുന്നത്. നവലിബറൽ ഉപകരണ സ്ഥാപനങ്ങളുമായി ചങ്ങാത്തമുള്ളയാൾ എന്ന ആരോപണം പേറുന്ന ഡോ. സ്വാമിനാഥനെപ്പോലെയുള്ള വിദഗ്ധനെ തന്നെ തീരദേശത്തെ സംബന്ധിച്ച ഇത്രയും സുപ്രധാനമായ ഒരു പഠനത്തിന് നേതൃത്വം നൽകാൻ നിയോഗിക്കുന്നത് കേവല യാദൃഛികതയായി കാണാനാവില്ല. കമ്മിറ്റി അംഗങ്ങളാവട്ടെ അക്കാദമിക രംഗത്തുള്ളവരും ഉദ്യോഗസ്ഥരും. തീരദേശവുമായോ മത്സ്യത്തൊഴിലാളികളുമായോ ജൈവിക ബന്ധമുള്ളവരാരും കമ്മിറ്റിയിലില്ല. സ്വാഭാവികമായും ശാസ്ത്രവും സാങ്കേതികതയും മാത്രമേ ഇത്തരമൊരു വട്ടക്കൂട്ടത്തിൽ ചർച്ചയാവൂ. കൃഷി വകുപ്പിന് കീഴിൽ തീരദേശത്തെക്കുറിച്ച് പഠനം നടത്തിയാൽ ഇങ്ങനെ സംഭവിക്കാനേ സാധ്യതയുള്ളൂ. നമ്മുടെ രാജ്യത്തിന് ഒരു ഫിഷറീസ് മന്ത്രാലയം ഇല്ലെന്നത് ഗുരുതരമായ ഒന്നായി കാണേണ്ടതുണ്ട്.

CRZ വിജ്ഞാപനത്തിൽ വരകളും കുറികളും വ്യക്തമായിരുന്നു; ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും. CZM വിജ്ഞാപനം ആദ്യാവസാനം വള്ളിപുള്ളി വിടാതെ വായിച്ചാലും തീരത്ത് വരാനിരിക്കുന്ന പരിപാലനത്തിന്റെയോ നിയന്ത്രണത്തിന്റെയോ യാതൊരു വിശദാംശവും ലഭിക്കുകയില്ല. കേന്ദ്രസർക്കാർ എല്ലാത്തിൽ നിന്നും സമർഥമായി കൈവിട്ടിരിക്കുന്നു. എന്നോ വരാനിരിക്കുന്ന സമഗ്രപദ്ധതിക്കനുസരിച്ചായിരിക്കും പരിപാലനവും നിയന്ത്രണവും. കൃത്യമായി നിർവചിച്ച നിയന്ത്രണങ്ങൾപോലും നടപ്പാക്കാത്ത സംസ്ഥാനങ്ങളോടാണ് വമ്പൻ ശാസ്ത്ര തത്വങ്ങളെ ആധാരമാക്കി സമഗ്രപദ്ധതി തയാറാക്കാൻ പറഞ്ഞിരിക്കുന്നത്! കടിച്ചതും പിടിച്ചതും കൈവിട്ടുപോകുമ്പോൾ മണ്ണും ചാരിനിന്നവരെല്ലാം തീരം മാന്തിപ്പോകുമെന്ന് തീർച്ച.

കേരളത്തെ കാത്തിരിക്കുന്നത് വൻ ദുരന്തമായിരിക്കുമെന്നാണ് കരുതപ്പെടുന്നത്. 400/സ്ക്വയർ കിലോമീറ്ററിൽ കൂടുതൽ ജനസാന്ദ്രതയുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും കരട് വിജ്ഞാപനമനുസരിച്ച് CMZ II-ലായിരിക്കും ഉൾപ്പെടുക. കേരളതീരത്തെ ജനസാന്ദ്രത 2167 ആണെന്ന് റിപ്പോർട്ട് തന്നെ സാക്ഷ്യപ്പെടുത്തുന്നു. എന്നുവെച്ചാൽ കേരളത്തിന്റെ ഭൂരിഭാഗം തീരവും CMZ II-ൽവരും. അവിടെ പരിപാലന പദ്ധതി തെരഞ്ഞെടുക്കേണ്ടതാവട്ടെ തദ്ദേശസ്വയംരണ സ്ഥാപനവും.
ഒരു കടൽഭിത്തി (എവിടെ) കെട്ടിയാലും അത് നിരോധന രേഖയായി പരിഗണിക്കാം. ടൂറിസ്റ്റ്-ഖനന-റിസോർട്ട് ഹോട്ട്സ്പോട്ടായ ദൈവത്തിന്റെ സ്വന്തം തീരത്ത് കാസർകോട് മുതൽ തിരുവനന്തപുരം വരെ കടൽഭിത്തി നിർമിക്കാൻ കമ്പനികൾ തമ്മിൽ മത്സരിക്കും. പിന്നെ പഞ്ചാരമണലൊക്കെയും ലോബികൾക്ക് സ്വന്തമാക്കാം.

കടൽഭിത്തി കെട്ടിയാലും നിരോധന രേഖ വരച്ചാലും 13 ഇനം പ്രവർത്തനങ്ങൾക്ക് ഗ്രീൻചാനൽ പ്രവേശനമുണ്ട്. തീരദേശത്തേക്ക് പ്രവേശനം ആവശ്യമുള്ള (Activities requiring access to the shorelines) പ്രവർത്തനങ്ങളാണ് അവ എന്നാണ് ഇതിന്റെ ന്യായം. കടപ്പുറ വിനോദസഞ്ചാരം, ജലകായിക വിനോദ സഞ്ചാരങ്ങൾ, കടപ്പുറമണൽ, പാറകൾ, ചരലുകൾ, കക്ക എന്നിവയൊഴികെയുള്ള ലോഹ ഖനനം, കപ്പൽ നിർമാണ റിപ്പയർ സൗകര്യങ്ങൾ, ഇവയുടെ ആവശ്യത്തിനുള്ള അപ്രോച്ച് റോഡുകൾ, റെയിൽവെലൈനുകൾ, പൈപ്പ്ലൈനുകൾ എന്നിവക്കൊക്കെ ഇത്തരത്തിൽ ഇളവ് നൽകപ്പെട്ടിരിക്കുന്നു! ഇത്രയും കാര്യങ്ങൾ കടലിനോട് ചേർന്ന് തന്നെ നടത്താമെങ്കിൽ നിരോധന രേഖക്കപ്പുറത്ത് വൻ കാർണിവൽ നടക്കുമെന്ന് കട്ടായമാണല്ലോ. മത്സ്യത്തൊഴിലാളികളുടെ ജീവിതവും ജോലിയുമൊക്കെ വിജ്ഞാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ സുരക്ഷിതമായി വിശ്രമിക്കും.

മുമ്പത്തേതിൽനിന്ന് വ്യത്യസ്ഥമായി തീരദേശത്തിന്റെ വ്യാപ്തി കടലിലേക്ക് 12 നോട്ടിക്കൽ മൈൽകൂടി ചേർത്തതിലും തീരവാസികൾക്ക് ഭയപ്പാടുകളുണ്ട്. ഇത്രയും കടൽ ദൂരത്ത് ഇനിയും നിയന്ത്രണങ്ങൾ വന്നാൽ അത് തങ്ങളുടെ ജീവിത സന്ധാരണത്തെയായിരിക്കും പ്രതികൂലമായി ബാധിക്കുക എന്നവർ ന്യായമായും കരുതുന്നു. വിദേശ ട്രോളറുകളും ഖനനയന്ത്രങ്ങളും ഇപ്പോൾ ഏറെ ദൂരത്തല്ലാതെ തന്നെ കിടക്കുന്നുണ്ട്. 12 നോട്ടിക്കൽ മൈലിൽ ഇത്തരക്കാരുടെ അംഗീകൃത കച്ചവടം തുടങ്ങിയേക്കുമെന്നാണ് ആശങ്കകളുടെ അടിസ്ഥാനം.

ഒടുവിൽ തീരദേശവും വിൽപനക്ക് തയ്യാറായിരിക്കുന്നു. കാടും പുഴകളും കുന്നുകളും ജനാധിവാസകേന്ദ്രങ്ങളും നക്കിത്തുടച്ച്, ദംഷ്ട്രകൾ വിടർത്തിയാട്ടി കുതിക്കുന്ന വികസനഭീകരൻ കടലോരത്തെത്തിയിരിക്കുന്നു. കടലിന്റെ മക്കളെ കുടിയിറക്കി വിനാശത്തിന്റെ വികസന വിത്ത് പാകാനാണ് പടപ്പുറപ്പാട്. കള്ളന് കഞ്ഞിവെച്ചുകൊടുക്കുന്ന രാഷ്ട്രീയ-ഉദ്യോഗസ്ഥ-വിദേശ കൂട്ടിക്കൊടുപ്പുകാരുടെ തണലിൽ വികസനം പൊടിപാറുമ്പോൾ അക്ഷരാർഥത്തിൽ തന്നെ നാം ചെകുത്താനും കടലിനും നടുവിൽ പെട്ടുപോകുന്നു. പോരാട്ടമേ ഇനി മാർഗമായുള്ളൂ. തീരത്തെ തീറെഴുതുന്ന സ്വാമിനാഥനെയും CZM-നെയും വലിച്ചെറിഞ്ഞ് തീരദേശത്തും പുറത്തുമുള്ളവർ ഒത്തുചേർന്ന് നടത്തേണ്ട ഒരു മഹാമുന്നേറ്റത്തിന് സമയം വൈകിയിരിക്കുന്നു. ■